**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4668** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഇത്തിക്കര ആറിന് കുറുകെ ട്രാക്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഇത്തിക്കര ആറിന് കുറുകെ (ഞവരുർ കടവ്) ട്രാക്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ? | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചാത്തന്നൂർ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന ഇത്തിക്കരയാറിലെ ഇത്തിക്കര പാലത്തിന് സമീപം തടയണ നിർമ്മിക്കുന്നതിനായി 2020-21-ലെ സംസ്ഥാന ബഡ്ജറ്റിൽ (വോള്യം നം.2. ക്രമ നം.461) അഞ്ചു കോടി രൂപ അനുവദിക്കുകയും ഒരു കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുള്ളതാകുന്നു. എന്നാൽ ഇത്തിക്കര ആറിനു കുറുകെ ഇത്തിക്കര പാലത്തിന് താഴ്-വശത്തായി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഒരു തടയണ നിർമ്മിക്കുന്നതിനാൽ വീണ്ടും തടയണ നിർമ്മിക്കേണ്ട ആവശ്യകത ഇല്ലാത്തതിനാൽ ടി തുക വിനിയോഗിച്ച് ടി സ്ഥലത്ത് ട്രാക്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ആവശ്യമുള്ള നടപടികൾ സ്വീകരിക്കണമെന്നും ടി ബഡ്ജറ്റിലെ ക്രമ നം.461 പ്രവൃത്തിയുടെ പേര് "ഇത്തിക്കരയാറിന് കുറുകെ ഇത്തിക്കര പാലത്തിന് സമീപം ഞവരുർ കടവിൽ ട്രാക്ടർ ബ്രിഡ്ജ് നിർമ്മാണം" എന്നാക്കി മാറ്റണമെന്നുമുള്ള സ്ഥലം എം.എൽ.എ യുടെ പുതിയ നിർദ്ദേശം സർക്കാർ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ